



വത്തിക്കാൻ റേഡിയോ
MALAYALAM WEEKLY BULLETIN
Vol. 2 Issue 18, 27 August 2013

# ഫാത്തിമാനാഥയുടെ തിരുസ്വരൂപം വത്തിക്കാനിൽ

### വിശ്വാസവത്സരത്തിലെ മരിയൻ ദിനങ്ങൾ - ഒക്ടോബർ 12, 13 ശനി ഞായർ



*Ahead with the Motherly touch … Papa Francis*

വിശ്വാസവത്സരാഘോഷങ്ങളുടെ ഭാഗമായിട്ടാണ് പോർച്ചുഗലിലെ ഫാത്തിമയിൽനിന്നും കന്യകാനാഥയുടെ തിരുസ്വരൂപം ഒക്ടോബർ 12-ാം തിയതി വത്തിക്കാനിലെത്തും. പാപ്പാ ഫ്രാൻസിസ് പങ്കെടുക്കുന്ന മരിയൻ ശുശ്രൂഷയിലും ദിവ്യബലിയിലും ഫാത്തിമായിലെ ‘കോവ്വാ ദി ഇറിയ്യാ’ എന്ന ദർശന സ്ഥാനത്തുനിന്നും കൊണ്ടുവരുന്ന ദൈവമാതാവിന്റെ തിരുസ്വരൂപം വണക്കത്തിനായി പ്രദർശിപ്പിക്കപ്പെടും. ഒക്ടോബർ 12 ശനി, 13 ഞായർ തിയതികളിൽ വത്തിക്കാനിൽ നടത്തപ്പെടുന്ന വിശ്വാസവത്സരാഘോഷത്തിന്റെ ഭാഗമായുള്ള പരിപാടികളിൽ പാപ്പായ്ക്കൊപ്പം ലോകത്തുള്ള വിവിധ മരിയൻ സംഘടനകളുടെയും തീർത്ഥാടന കേന്ദ്രങ്ങളുടെയും പ്രതിനിധികളും പങ്കെടുക്കും.

1917-ാമാണ്ടിലെ മെയ്, ജൂൺ, ജൂലൈ, ആഗസ്റ്റ് മാസങ്ങളുടെ 13-ാം തിയതികളിലാണ് കന്യകാനാഥ ഇടയബാലകർക്ക് ഫാത്തിമായിൽ പ്രത്യക്ഷപ്പെട്ട് ലോകസമാധാനത്തിന്റെ സന്ദേശം നല്കിയത്. 1917-ൽ ഒക്ടോബർ 13-ാം തിയതി അവസാനമായി ദൈവമാതാവ് പ്രത്യക്ഷപ്പെട്ട് ഇടയബാലകർക്ക് സന്ദേശം നല്കിയ 'കൊവ്വാ ദി ഇറിയ്യാ' എന്ന സ്ഥലത്തെ പുരാതനമായ ദേവാലയത്തിൽ പ്രതിഷ്ഠിച്ചിട്ടുള്ള അസ്സൽ രൂപമാണ് വത്തിക്കാനിലെത്തുന്നത്. ലൂസിയ സാന്റോസ്, ജെസീന്താ, ഫ്രാൻസിസ് മാർത്തോ എന്നീ ഇടയക്കുട്ടികൾക്കാണ് മേച്ചിൽപ്പുറങ്ങളിൽവച്ച് കന്യകാനാഥ ദർശനം നല്കിയത്.




*The Lady of Fatima in procession with the Shrine behind*



*Children of Fatima – Lucia, Francis and Jacintha*


അവർക്ക് യഥാക്രമം 10, 9, 7 വയസ്സുകൾ മാത്രമേ പ്രായമുണ്ടായിരുന്നുള്ളൂ. ദർശനം നടന്ന സ്ഥലത്ത് 1918-ൽത്തന്നെ ഒരു പ്രാർത്ഥനാലയം അവിടുത്തുകാർ പണിതുയർത്തി. ദർശന ഭാഗ്യമുണ്ടായ മൂന്നുപേരിൽ മൂത്തവളായ ലൂസിയായുടെ വിവരണപ്രകാരം നിർമ്മിച്ച രൂപമാണ് ഫാത്തിമാനാഥയെന്നപേരിൽ ലോകപ്രസിദ്ധമായത്.
വൃക്ഷച്ചില്ലകൾക്കിടയിലെ മേഘപാളിയിൽ ഉയർന്നുനിന്ന് താഴെ നില്ക്കുന്ന പാവങ്ങളെ അലിവോടും വാത്സല്യത്തോടുംകൂടെ കടാക്ഷിക്കുന്ന ശുഭ്രവസ്ത്രധാരിണിയും തേജോമുഖിയുമായ സ്ത്രീരൂപമാണ് ഫാത്തിമാനാഥാ. സാധാരണഗതിയിൽ ലോകപര്യടനത്തിന് കൊണ്ടുപോകുന്ന ഫാത്തിമാ തിരുസ്വരൂപം കൊവ്വായിലെ രൂപത്തിന്റെ പതിപ്പു മാത്രമാണ്. 1946-ൽ ഭാഗ്യസ്മരണാർഹനായ പന്ത്രണ്ടാം പിയൂസ് പാപ്പാ കന്യകാനാഥയെ ലോകനാഥയും സമാധാനരാജ്ഞിയുമായി പ്രഖ്യാപിച്ചു. ലോകമഹായുദ്ധത്തിന്റെ വേദനിക്കുന്ന ഓർമ്മകളിൽ 1952-മുതൽ ഫാത്തിമാനാഥയുടെ തിരുസ്വരൂപം അനുരഞ്ജനത്തിന്റെയും സമാധാനത്തിന്റെയും സാന്ത്വന സന്ദേശവുമായി 100 രാജ്യങ്ങൾ സന്ദർശിച്ചു. വത്തിക്കാന്റെ അന്നത്തെ വിദേശ മിഷൻ പ്രവർത്തനങ്ങൾക്കായുള്ള സംഘമാണ് ഇതിന്റെ ഉത്തരവാദിത്വം വഹിച്ചത്. 1955-ൽ ഫാത്തിമാനാഥ ഇന്ത്യയിലുമെത്തി. തിരുസ്വരൂപത്തിന് വലിയ സ്വീകരണമാണ് ഭാരതത്തിൽ ലഭിച്ചത്. കേരളത്തിൽ അന്നത്തെ എല്ലാ രൂപതാ കേന്ദ്രങ്ങളിലും ഹൃദ്യമായ വരവേല്പാണ് കന്യകാനാഥയ്ക്കു നല്കപ്പെട്ടത്.

*The celestial Fatima below on a May 13*









*Assasination attempt 13 May 1981*

1981-മെയ് 13-ന് വത്തിക്കാനിൽവച്ച് വെടിയേറ്റ ജോൺ പോൾ രണ്ടാമൻ പാപ്പാ താൻ രക്ഷപ്പെട്ടത് ഫാത്തിമാനാഥയുടെ സഹായത്താലാണെന്ന് വിശ്വാസിച്ചു. കാരണം അന്ന് ഫാത്തിമായിലെ തിരുനാളായിരുന്നു. 1982-ൽ ഫാത്തിമാ സന്ദർശിച്ച പാപ്പാ തന്റെ ഉദരഭാഗത്തുനിന്ന് ശസ്ത്രക്രിയയിലൂടെ പുറത്തെടുത്ത ബുള്ളറ്റുകൾ തിരുസ്വരൂപത്തിന്റെ കിരീടത്തിൽ കന്യകാനാഥയ്ക്ക് കൃതഞ്ജതയായി ചാർത്തുകയുണ്ടായി. 1991-ലെ മെയ് മാസത്തിൽ വധശ്രമത്തിന്റെ പത്താം വാർഷികത്തിൽ വീണ്ടും ഫാത്തിമായിലെത്തി കന്യകാനാഥയ്ക്ക് പാപ്പാ നന്ദിയർപ്പിച്ചു.



*A visit to forgive – meeting the shooter in prison*



*13 May 1982 - at the feet of Mary in Fatima*



*Weep and wail we, O Mother in the vale of tears*

ഫാത്തിമാ ദർശന സംഘത്തിലെ ഫ്രാൻസിസ് 1919-ൽ 11-ാമത്തെ വയസ്സിലും, ജസീന്ത 1920-ൽ 13-ാമത്തെ വയസ്സിലും മരണമടഞ്ഞു. 2000-ാമാണ്ട് ജൂബിലി വർഷത്തിൽ ജോൺ പോൾ രണ്ടാമൻ പാപ്പാ ഫാത്തിമായിലെത്തി രണ്ടു പേരെയും വാഴ്ത്തപ്പെട്ടവരുടെ പദവിയിലേയ്ക്ക് ഉയർത്തി. ദർശന ഭാഗ്യമുണ്ടായ മൂന്നാത്തെ വ്യക്തി ജസീന്ത അന്ന് പോർച്ചുഗലിലെ കോയിമ്പ്രായിലെ ഫ്രാൻസിസ്ക്കൻ മഠത്തിൽ സന്ന്യാസിനിയായിരുന്നു. സിസ്റ്റർ ജെസീന്ത തന്റെ കൂട്ടുകാരുടെ വാഴ്ത്തപ്പെട്ടപദ പ്രഖ്യാപന കർമ്മത്തിൽ പങ്കെടുക്കുകയും പാപ്പായെ നേരിൽക്കണ്ടു സംസാരിക്കുകയും ചെയ്തു. കന്യകാനാഥയുടെ ഫാത്തിമാ ദർശനങ്ങളുടെ സാക്ഷിയും രഹസ്യങ്ങളുടെ സൂക്ഷിപ്പുകാരിൽ അവസാനത്തെ കണ്ണിയുമായ സിസ്റ്റർ ജസീന്ത പോർച്ചുഗലിലെ മഠത്തിൽ 2005-ാമാണ്ട് ഫെബ്രുവരി 14-ാം തിയതി 97-ാമത്തെ വയസ്സിൽ ചരമമടഞ്ഞു.



*Pope John Paul II with the seer of Fatima Sr. Lucia*



*13 May 2010 - Papa Benedict XVI in Fatima*

2010 മെയ് 12, 13 തിയതികളിൽ ബനഡിക്ട് 16-◌ാമൻ പാപ്പാ ഫാത്തിമ സന്ദർശിക്കുകയുണ്ടായി. ആദ്യദിനത്തിൽ കന്യകാ നാഥയുടെ ദർശന കപ്പേള സന്ദർശിച്ച് തിരുസ്വരൂപത്തിൽ സ്വർണ്ണറോസാപ്പൂക്കൾ ചാർത്തിക്കൊണ്ട്, അമ്മയുടെ ചാരത്തണയുന്ന ആയിരങ്ങളിൽ അനുദിനം വർഷിക്കുന്ന നിരവധിയായ നന്മകൾക്ക് പാപ്പാ നന്ദിപ്രകാശിപ്പിച്ചു.





*The historic Golden Rose tribute of Papa Benedict XVI to the Virgin Mother*

തന്റെ മുൻഗാമി ജോൺ പോൾ രണ്ടാമനെ അത്ഭുതകരമായി പരിരക്ഷിച്ച മാതൃകരങ്ങളെ പാപ്പാ ബനഡിക്ട് അന്ന് സ്നേഹവാത്സല്യത്തോടെ ആശ്ലേഷിക്കുകയുണ്ടായി. മെയ് 13-◌ാ◌ം തിയതി ജപമാലരാജ്ഞിയുടെ ബസിലിക്കാംഗണത്തിൽ അർപ്പിച്ച ദിവ്യബലിയിൽ സംഘാടകരെ ആശ്ചര്യപ്പെട്ടുത്തിയ അഞ്ചു ലക്ഷത്തിലേറെ വിശ്വാസികളാണ് പങ്കെടുത്തത്. ഫാത്തിമായിലെ ഇടയബാലകരിലൂടെ കന്യകാനാഥ വെളിപ്പെടുത്തിയ പ്രവചനങ്ങളെ മറിയത്തിന്റെ വിമലഹൃദയത്തിന്റെ വിജയഗാഥയായും ത്രിത്വമഹത്വത്തിന്റെ ഈ ഭൂമിയിലെ പ്രതിഫലനമായും വചനസമീക്ഷയിൽ പാപ്പാ ബനഡിക്ട് വ്യാഖ്യാച്ചു.

## ഫാത്തിമാ തിരുസ്വരൂപ സന്ദർശം<br>വത്തിക്കാനിലെ ദ്വിദിന പരിപാടികൾ



ഒക്ടോബോർ 12-◌ാ◌ം തിയതി ശനിയാഴ്ച രാവിലെ 8 മണിക്ക് തീർത്ഥാടകർക്കായി പത്രോസ്ലീഹായുടെ സ്മൃതിമണ്ഡപ സന്ദർശനത്തോടെയാണ് വിശ്വാസവത്സരത്തിൽ വത്തിക്കാനിലെ മരിയൻ ദ്വിദിന പരിപാടികൾക്ക് തുടക്കം കുറിക്കുന്നത്. ഒപ്പം ശനിയാഴ്ച രാവിലെ പ്രാദേശിക സമയം 9 മണി മുതൽ ഉച്ചയ്ക്ക് 12 മണിവരെ വത്തിക്കാനിലും പരസരത്തുമുള്ള ദേവാലയങ്ങളിലുമായി തീർത്ഥാടകർക്കായി പരിശുദ്ധ കുർബ്ബാനയുടെ ആരാധനയും അനുരഞ്ജന ശുശ്രൂഷയും ഉണ്ടായിരിക്കും. പോർച്ചുഗലിൽനിന്നുമെത്തുന്ന ഫാത്തിമാ നാഥയുടെ തിരുസ്വരൂപം വൈകുന്നേരം 5 മണിക്ക് വിശുദ്ധ പത്രോസിന്റെ ചത്വരത്തിലെ പൊതുവേദിയിൽ പാപ്പാ ഫ്രാൻസിസ് സാഘോഷം സ്വീകരിക്കും. തുടർന്ന് പാപ്പാ മരിയൻ പ്രഭാഷണം നടത്തും. വൈകുന്നേരം 7 മണി മുതൽ ഫാത്തിമാ നാഥയുടെ തിരുസ്വരൂപം പൊതുവണക്കത്തിനും ധ്യാനത്തിനുമായി റോമിലെ പ്രസിദ്ധ മേരിയൻ തീർത്ഥാടന കേന്ദ്രമായ ‘ദിവീനോ അമോരെ’ ദേവാലയത്തിൽ പ്രതിഷ്ഠിക്കും. ആ രാത്രി മറിയത്തോടൊപ്പമുള്ള ജാഗരാനുഷ്ഠാനമായി ആചരിക്കപ്പെടും.

*The Merciful Maternal glimpse… >*





*Painting of the apparition and the statue as described by the visionaries*

ഒക്ടോബര്‍ 13-ാം തിയതി ഞായറാഴ്ച രാവിലെ 8 മണിക്ക് വീണ്ടും തിരുസ്വരൂപം വത്തിക്കാനില്‍ വിശുദ്ധ പത്രോസിന്‍റെ ചത്വരത്തിലെ പ്രത്യേക വേദിയിലെത്തും. 10 മണിക്ക് ആരംഭിക്കുന്ന ജപമാല സമര്‍പ്പണത്തെ തുടര്‍ന്ന് പാപ്പായുടെ മുഖ്യകാര്‍മ്മികത്വത്തിലുള്ള സമൂഹബലിയര്‍പ്പണമാണ്. ദിവ്യബലിയില്‍ പാപ്പാ വചനപ്രഘോഷണം നടത്തും.



*Fatima in Portugal – the biggest Marian Shrine in the world*

ഇടയക്കുട്ടികള്‍ക്ക് ദര്‍ശനമുണ്ടായ നാളുമുതല്‍ പോര്‍ച്ചുഗലിലെ കോവെ ദി ഇറിയ്യാ എന്ന സ്ഥലത്ത് ചെറിയ പ്രാര്‍ത്ഥനാലയം ഉയര്‍ന്നുവന്നു. പിന്നീട് ഫാത്തിമാ എന്നു വിളിക്കപ്പെട്ട സ്ഥലത്ത് 1958-ല്‍ വലിയ തീര്‍ത്ഥാടന കേന്ദ്രം നിര്‍മ്മിതമായി. ലോകത്തിലെ വലുപ്പംകൂടിയ മേരിയന്‍ തീര്‍ത്ഥാടന കേന്ദ്രങ്ങളില്‍ ഒന്നാണ് ഫാത്തിമ. പ്രധാന ദേവാലയത്തിന്‍റെ ഇടതു ഭാഗത്തുകാണുന്ന ചെറിയ ചില്ലിട്ട കപ്പേളയാണ് ദൈവമാതാവ് കുട്ടികള്‍ക്ക് ദര്‍ശനം നല്കിയ സ്ഥാനം.

# പെരിയാറിന്റെ തീരത്തുനിന്നും ആഫ്രിക്കയ്ക്ക് ഒരജപാലകൻ

## വർഗ്ഗീസ് തോട്ടംകര എത്യോപ്യായിലെ നെകേംതെയുടെ മെത്രാൻ



*Archbishop Luke Brundlini, cm the Chief Consecrator of Msgr. Thottamkara*

എത്യോപ്യായിലെ നെകേംതെ രൂപതയുടെ കാജുറ്റർ അപ്പസ്തോലിക് വികാരിയായി ഫാദർ വർഗ്ഗീസ് തോട്ടംകരയെ പാപ്പാ ഫ്രാൻസിസ് ജൂൺ 28-ാം തിയതി നിയോഗിച്ചു. ആഗസ്റ്റ് 13-ാം തിയതി ചെവ്വാഴ്ച രാവിലെ റോമിലെ വിൻസെൻഷ്യൻ പ്രൊവിഷ്യൻ ഹൗസിന്റെ കപ്പേളയിൽ നടന്ന തിരുക്കർമ്മങ്ങളുടെമദ്ധ്യേ അദ്ദേഹം അഭിഷിക്തനായി. വിശുദ്ധ വിൻസെന്റ് ഡി പോൾ 1625-ൽ സ്ഥാപിച്ച *Congregation of the Missions* സഭയുടെ തെക്കെ ഇന്ത്യൻ പ്രവിശ്യാംഗമാണ് നവാഭിഷിക്തൻ.

റോമിലെ ലാറ്ററൻ ബസിലിക്കയുടെ റെക്ടറും വിൻസെൻഷ്യൻ സഭാംഗവുമായി ബിഷപ്പ് ലൂക്കാ ബ്രൻഡലീനിയാണ് തോട്ടംകരയെ കൈവയ്പ്പ് ശുശ്രൂഷയിലൂടെയും തൈലാഭിഷേകത്തിലൂടെയും മെത്രാൻ പദിവിയിലേയ്ക്ക് ഉയർത്തിയത്. സീറോ മലബാർ സഭയുടെ പരമാദ്ധ്യക്ഷൻ, കർദ്ദിനാൾ മാർ ജോർജ്ജ് ആലഞ്ചേരി, സ്ഥാനമൊഴിയുന്ന നികേംതെ രൂപതാ മെത്രാൻ ബിഷപ്പ് തിയൊദോർ വാൻ റിജ്യൂവൻ, ബിഷപ്പ് മാർക്കോസ് ഗബ്രേ മെദിം, വടക്കെ ഇന്ത്യയിലെ ബാലസൂർ രൂപതാ മെത്രാൻ ബിഷപ്പ് തോമസ് തുരുത്താലിൽ എന്നിവർ സഹകാർമ്മികരായിരുന്നു.



*Cardinal Mar George Alencherry at the consecration*



വളരെ ലളിതമായി നടത്തപ്പെട്ട ചടങ്ങിൽ കേരളത്തിൽനിന്നെത്തിയ ഏതാനും ബന്ധുമിത്രാദികളും, റോമിലെ ധാരാളം വിൻസെൻഷ്യൻ സഭാംഗങ്ങളും *(Congregation of the Missions)* വിശ്വാസികളും സാക്ഷികളായി. സെപ്റ്റബർ 22-ാം തിയതി നെകേംതെയുടെ മെത്രാൻസ്ഥാനം ഔദ്യോഗികമായി ഏറ്റെടുക്കുന്ന ബിഷപ്പ് തോട്ടംകര കേരളത്തിൽ പെരുമ്പാവൂരിനടുത്തുള്ള തോട്ടുവാ സ്വദേശിയും എറണാകുളം-അങ്കമാലി അതിരൂപതാംഗവുമാണ്. അഭിഷേക കർമ്മത്തെ തുടർന്ന് പുതിയ മെത്രാന്റെ മുഖ്യകാർമ്മികത്വത്തിൽ ദിവ്യബലി അർപ്പിക്കപ്പെട്ടു. ദിവ്യബലിയുടെ സമാപനത്തിൽ ബിഷപ്പ് തോട്ടംകര ഏവർക്കും നന്ദിയർപ്പിച്ചു. പാവങ്ങളും സാധാരണക്കാരും അധികമായുള്ള

*St. Vincent de Paul, the Father of the Poor Founder of the Congregation of the Missions*

മിഷൻ രൂപതിയിലാണ് താൻ സ്ഥാനമേൽക്കുന്നതെന്നും, അവിടുത്തെ വെല്ലുവിളികൾ മനസ്സിലാക്കിയാണ് അഭിഷേകകർമ്മം വളരെ ലളിതമാക്കി നടത്തിയതെന്നും ബിഷപ്പ് തോട്ടംകര വ്യക്തമാക്കി. 'ദരിദ്രരോട് സുവിശേഷമറിയിക്കാൻ അവിടുന്നെന്നെ അയച്ചിരിക്കുന്നു' *(Evangelizare pauperibus misit me)* എന്ന തന്റെ സ്ഥാനിക ആപ്തവാക്യം അനുദിനം ജീവിക്കാൻ സഭാ സ്ഥാപകനായ വിശുദ്ധ വിൻസെന്റ് ഡി പോളിന്റെ മാതൃകയും മാദ്ധ്യസ്ഥ്യവും എന്നും തേടുമെന്നും ബിഷപ്പ് തോട്ടങ്കര നന്ദിപ്രകടനത്തിൽ വെളിപ്പെടുത്തി.



*With heartfelt gratitude*

ആഗസ്റ്റ് 14-ാം തിയതി ബുധനാഴ്ച രാവിലെ ബിഷപ്പ് തോട്ടംകര വത്തിക്കാനിലെ പേപ്പൽ വസതി സാന്താ മാർത്തായിലെ കപ്പേളയിലെത്തി പാപ്പാ ഫ്രാൻസിസിനോടൊപ്പം ദിവ്യബലിയർപ്പിച്ചു. ദിവ്യബലിക്കുശേഷം അദ്ദേഹം പാപ്പായുമായി കൂടിക്കാഴ്ച നടത്തി. ഏതാനും നിമിഷങ്ങൾ പുതിയ മെത്രാനോട് വിവരങ്ങൾ ആരാഞ്ഞ പാപ്പ, സെപ്റ്റംബർ 22-ാം തിയതി നെകേംതെയുടെ മെത്രാൻസ്ഥാനം ഔദ്യോഗികമായി ഏറ്റെടുക്കുന്ന ബിഷപ്പ് തോട്ടംകരയെ പ്രത്യേകം അനുഗ്രഹിച്ച് ആശീർവദിച്ചയച്ചു.



*<A word with the Holy Father in Santa Martha in Vatican*

*and the paternal Blessing>*





*Msgr. Thottamkara an active member of the Asia Pacific Visitors Conference (APVC) for the Missions during a session in the Solomon Islands*

കേരളത്തിൽ എറണാകുളം അങ്കമാലി അതിരൂപതയിൽ പെരിയാറിന്റെ തീരത്തുള്ള തോട്ടുവാ സെന്റ് ജോസഫ് ഇടവകാംഗമാണ് വർഗ്ഗീസ് തോട്ടംകര. പ്രാഥമിക വിദ്യാഭ്യാസത്തിനുശേഷം വിൻസെൻഷ്യൻ സഭയുടെ ഒറീസ്സാ മിഷനിൽ ചേർന്ന് വൈദിക പഠനം ആരംഭിച്ചു. ആലുവ പൊന്തിഫിക്കൽ സെമിനാരിയിൽ ദൈവശാസ്ത്ര പഠനം പൂർത്തിയാക്കി 1987-ൽ പൗരോഹിത്യം സ്വീകരിച്ചു. തുടർന്നുള്ള 10 വർഷക്കാലം വടക്കെ ഇന്ത്യയിലെ സഭയുടെ സെമിനാരിയിൽ പഠിപ്പിച്ചുകൊണ്ട് പ്രേഷിത പ്രവര്‍ത്തനങ്ങളിൽ വ്യാപൃതനായി.



1995-ൽ ഉപരിപഠനാർത്ഥം റോമിലെത്തി. ആഞ്ചെലിക്കും യൂണിവേഴ്സിറ്റിയിൽനിന്നും സന്മാർഗ്ഗ ദൈവശാസ്ത്രത്തിൽ ഡോക്ടർ ബിരുദം പൂർത്തിയാക്കിയ ശേഷമാണ് ഫാദർ തോട്ടംകര 1997-മുതൽ എത്യോപ്യായിലെ മിഷനിലേയ്ക്ക് അയക്കപ്പെട്ടത്. അവിടെ സെമിനാരി പ്രഫസർ, റെക്ടർ, ഇടവക വികാരി എന്നീ നിലകളിൽ സേവനമനുഷ്ഠിച്ചിട്ടുണ്ട്.

2002-ൽ ചെന്നൈയിലുള്ള സഭാ സെമിനാരിയുടെ റെക്ടറായും നോവിസ് മാസ്റ്ററായും നിയമിതനായി. 2005-ൽ സഭയുടെ തെക്കെ ഇന്ത്യൻ മേഖലയുടെ പ്രൊവിൻഷ്യലായി നിയുക്തനായി. 2010-ൽ Congregation of the Missions സഭയുടെ പ്രൊക്കുറേറ്റർ ജനറലായും, പിന്നീട് വികാരി ജനറലായും തിരഞ്ഞെടുക്കപ്പെട്ടു. സഭയുടെ റോമിലുള്ള ജനറലേറ്റ് കേന്ദ്രീകരിച്ച് ആഗോള സഭാപ്രവർത്തനങ്ങളിൽ വ്യാപൃതനായിരിക്കവെയാണ് മെത്രാൻ സ്ഥാനത്തേയ്ക്ക് തോട്ടംകര വിളിക്കപ്പെട്ടത്. നെകേംതെയിലെ അങ്ങയുടെ പ്രേഷിതപ്രവർത്തനങ്ങൾ ഫലമണിയട്ടെ! ദൈവം അങ്ങയെ തുണയ്ക്കട്ടെ എന്ന പ്രാർത്ഥനയോടെ... !!

*A mind set for the missions*

അടിവര

കേരളസഭയ്ക്ക് അനുഗ്രഹമായി

# മോൺസിഞ്ഞോർ ജോസ് പുത്തൻവീട്ടിൽ

എറണാകുളം - അങ്കമാലി അതിരൂപതയുടെ പുതിയ സഹായമെത്രാൻ



*The Bishop Elect Jose Puthenveettil being felicitated on behalf of the Archdiocese of Ernakulam-Angamaly by Mar Sebastian Edayanthrath along with Cardinal Mar George Alenchery*

അതിരൂപതയുടെ പ്രൊ-വികാരി ജനറലായും ചേർത്തലയിലുള്ള നൈപുണ്യ സ്ക്രൂൾ ഓഫ് മാനേജ്മെന്റിന്റെ ഡയറക്ടറായും സേവനംചെയ്തിരുന്ന മോൺസിഞ്ഞോർ ജോസ് പുത്തൻവീട്ടിലാണ് മെത്രാൻ സ്ഥാനത്തേയ്ക്ക് ഉയർത്തപ്പെട്ടത്. സീറോ മലബാർ സിനഡിന്റെ തിരഞ്ഞെടുപ്പ് അംഗീകരിച്ചുകൊണ്ടാണ് ആഗസ്റ്റ് 23-ാം തിയതി മോൺസിഞ്ഞോർ പുത്തിൻവീട്ടിലിനെ അതിരൂപതയുടെ സഹായ മെത്രാനായി പാപ്പാ ഫ്രാൻസിസ് പ്രഖ്യാപിച്ചത്.

ദീർഘനാൾ അതിരൂപതയുടെ സഹായമെത്രാനായി സേവനംചേയ്ത മാർ തോമസ് ചക്യത്ത് കാനോനിക പ്രായപരിധി 75 എത്തി വിരിമിച്ചതിനെ തുടർന്നാണ് പുതിയ നിയമനമുണ്ടായത്. എറണാകുളം സ്വദേശിയും ഇടപ്പള്ളി വിശുദ്ധ ഗീവർഗ്ഗീസ് സഹദായുടെ നാമത്തിലുള്ള ഇടവകാംഗവുമാണ് മോൺസിഞ്ഞോർ പുത്തൻവീട്ടിൽ. 1961-ലാണ് ജനനം. പ്രാഥമിക വിദ്യാഭ്യാസത്തിനുശേഷം മൈനർ സെമിനാരിയിൽ വൈദിക പരിശീലനം ആരംഭിച്ചു. തത്വശാസ്ത്ര ദൈവശാസ്ത്ര പഠനങ്ങൾ മംഗലാപുരത്തെ സെന്റ് ജോസഫ് സെമിനാരിയിൽ പൂർത്തിയാക്കി. 1987-ൽ പൗരോഹിത്യപട്ടം സ്വീകരിച്ചു. തുടർന്ന് ബെൽജിയത്തെ ലുവെയിൻ യൂണിവേഴ്സിറ്റിയിൽനിന്നും ദൈവശാസ്ത്രത്തിൽ ഡോകടർ ബിരുദം കരസ്ഥമാക്കി. 10 വർഷക്കാലം കോട്ടയത്തെ പൗരസ്ത്യ വിദ്യാപീഠത്തിന്റെ ദൈവശാസ്ത്ര അദ്ധ്യാപകനായിരന്നു. അതിരൂപതയുടെ നിവേദിത, നൈപുണ്യ വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ ഭരണസാരഥിയായും അദ്ധ്യാപകനായും അദ്ദേഹം പ്രവർത്തിച്ചിട്ടുണ്ട്. വിവിധ ഇടവകകളിൽ ചെയ്ത അജപാലന ശുശ്രൂഷയ്ക്കു പുറമെ, കർദ്ദിനാൾ മാർ ആന്റെണി പടിയറ, കർദ്ദിനാൾ മാർ വർക്കി വിതയത്തിൽ എന്നിവരുടെ സെക്രട്ടറിയായും മോൺസിഞ്ഞോർ പുത്തൻവീട്ടിൽ സേവനമനുഷ്ഠിച്ചിട്ടുണ്ട്.

സെപ്റ്റംബർ 21-ാം തിയതി ശനിയാഴ്ച എറണാകുളത്തെ സെന്റ് മേരീസ് ബസിലിക്കയിൽവച്ച് നിയുക്തമെത്രാൻ ജോസ് പുത്തൻവീട്ടിൽ അഭിഷിക്തനാകും. സീറോ മലബാർ സഭയുടെ പരമാദ്ധ്യക്ഷനും എറണാകുളം അങ്കമാലി അതിരൂപതാ മെത്രാപ്പോലീത്തയുമായ കർദ്ദിനാൾ മാർ ജോർജ്ജ് ആലംഞ്ചേരി മുഖ്യകാർമ്മികനായുള്ള തിരുക്കർമ്മത്തിലായിരിക്കും മോൺസിഞ്ഞോർ പുത്തിൻവീട്ടിൽ അഭിഷിക്തനാകുന്നത്. കേരളത്തിലെ വിവിധ റീത്തുകളിലെ സഭാദ്ധ്യക്ഷന്മാർ അഭിഷേകകർമ്മത്തിലും തുടർന്നുള്ള ദിവ്യബലിയിലും പങ്കെടുക്കും. നിയുക്തമെത്രാന് പ്രാർത്ഥനനിറഞ്ഞ ആശംസകൾ!